പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1211 13.06.2013 -ൽ മറുപടിക്ക്

## പൊതുമരാമത്ത് വകുപ്പ് പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പ് കഴിഞ്ഞ രണ്ടു വർഷമായി നടപ്പിലാക്കിയ പദ്ധതി കളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) കെ.എസ്.ടി.പി<br>2011-12, 2012-13 വർഷങ്ങളിൽ കെ.എസ്.ടി.പി. താഴെ-പ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി<br>I. അഞ്ചു വർഷ പരിപാലന വ്യവസ്ഥയോടെ താഴെ-പ്പറയുന്ന റോഡുകളുടെ ഉപരിതലം പുതുക്കുകയു-ണ്ടായി.<br>1. പേരൂർക്കട-നെടുമങ്ങാട് റോഡ്<br>2. മണ്ണന്തല-തൈക്കോട് റോഡ്<br>3. വർക്കല-കല്ലമ്പലം റോഡ്<br>4. കൊല്ലം-ആയൂർ റോഡ്<br>5. ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ്<br>6. തിരുവല്ല-മാവേലിക്കര റോഡ്<br>7. പാല-ഈരാറ്റുപേട്ട റോഡ്<br>8. പൂഞ്ഞാശ്ശേരി-ചിത്രപ്പുഴ റോഡ്<br>9. മുട്ടം-പാറമട റോഡ്<br>10. കുറ്റിയാടി-കെല്ലൂർ റോഡ്<br>11. നറുകര-സ്റ്റേറ്റ് ബോർഡർ റോഡ്<br>12. നെടുമ്പോയിൽ-ഇരിട്ടി റോഡ്<br>13. തൊടുപുഴ-ഊന്നുകൽ റോഡ്<br>II. കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽപ്പെട്ട താഴെ-പ്പറയുന്ന റോഡുകളുടെ മെയിന്റനൻസ് ജോലികൾ പൂർത്തിയാക്കി.<br>1. പിലാത്തറ-പാപ്പിനിശ്ശേരി റോഡ്<br>2. തലശ്ശേരി-വളവുപാറ റോഡ്<br>3. ചെങ്ങന്നൂർ-ഏറ്റുമാനൂർ -മൂവാറ്റുപുഴ റോഡ്<br>4. പെരുമ്പിലാവ്-പട്ടാമ്പി-പെരിന്തൽമണ്ണ റോഡ്<br>III. തളിപ്പറമ്പ്-ഇരിട്ടി റോഡിന്റെ അപ്ഗ്രഡേഷൻ പണികൾ പൂർത്തിയായി വരുന്നു. |

IV. മുത്തോലി-കുറിഞ്ഞി, രാമപുരം-മുണ്ടുപാലം റോഡിന്റെ ഹെവിമെയിന്റനൻസ് പണികൾ പൂർത്തിയായി വരുന്നു.

ദേശീയപാത, കെട്ടിട വിഭാഗം എന്നിവയെ സംബന്ധിച്ചവ അനുബന്ധമായി ചേർത്തിരിക്കുന്നു.

നിരത്തുകളും പാലങ്ങളും വിഭാഗം

കഴിഞ്ഞ രണ്ട് വർഷ കാലയളവിൽ സംസ്ഥാനത്തെ റോഡ്സ് വിഭാഗം ഏറ്റെടുത്തു നടത്തിയ ഒരു പ്രധാന പദ്ധതിയാണ് ശബരിമലയിലേയ്ക്കുള്ള റോഡുകളുടെ ഹെവി മെയിന്റനൻസ്. 2011-12 സാമ്പത്തിക വർഷത്തിൽ റോഡ്സ് വിഭാഗം ഏകദേശം 1300 കോടി രൂപ ചെലവു വരുന്ന 776 പ്രവൃത്തികൾക്കും 2012-13 സാമ്പത്തിക വർഷത്തിൽ 1015 കോടി രൂപ ചെലവ് വരുന്ന 428 പ്രവൃത്തികൾക്കും ഭരണാനുമതി നൽകി നടപ്പിലാക്കി വരുന്നു.

(ബി) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ ;

(ബി) കെ.എസ്.ടി.പി. പദ്ധതിയിൽപ്പെടുത്തി നിർമ്മാണം നടത്തുന്ന റോഡിന്റെ എല്ലാ ഗുണനിലവാര പരിശോധനകളും നടത്തുണ്ട്. അത് കൂടാതെ വിദഗ്ധ കൺസൽട്ടൻസിയെ കൊണ്ട് ടെക്നിക്കൽ ഓഡിറ്റും നടത്തുണ്ട്.

- ദേശീയപാത വിഭാഗത്തിൽ റോഡുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രധാന പണികളെല്ലാം കരാറുകാരുടെ ഉത്തരവാദിത്വത്തിലുള്ള ഡിഫക്ട് ലയബിലിറ്റിയോടുകൂടിയ കരാറുകളായാണ് നടപ്പിലാക്കുന്നത്. കൂടാതെ ഗുണനിലവാര പരിശോധനകൾക്കായി സ്ഥിരം സംവിധാനം എന്ന നിലയിൽ രണ്ട് ക്വാളിറ്റി കൺട്രോൾ സബ്ഡിവിഷനുകൾ (എറണാകുളത്തും, തൃശ്ശൂരും) പ്രവൃത്തിക്കുന്നുണ്ട്. ഇവർ പണികളുടെ ഗുണനിലവാരം പരിശോധിച്ചു വരുന്നു. കൂടാതെ പണി നടക്കുന്ന സമയത്ത് അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ വരെയുള്ള ഉദ്യോഗസ്ഥർ പണികളുടെ ഗുണനിലവാരം പരിശോധിക്കുകയും ആയത് ഉറപ്പാക്കുകയും ചെയ്യാറുണ്ട്.

പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് റോഡ്സ് വിഭാഗത്തിൽ എല്ലാ ജില്ലകളിലും പ്രത്യേക ക്വാളിറ്റി കൺട്രോൾ ലബോറട്ടറികൾ സ്ഥാപിച്ച് കേരള പൊതുമരാമത്ത് മാന്വൽ നിഷ്കർഷിക്കുന്ന വ്യവസ്ഥയിൽ ഗുണനിലവാരം തിട്ടപ്പെടുത്തുന്നതിനുള്ള ക്രമീകരണം ആരംഭിച്ചിട്ടുണ്ട്.

(സി) ഇതിനു വേണ്ടി വിജിലൻസ് പരിശോധനാ സംവിധാനവും, സോഷ്യൽ ഓഡിറ്റിംഗും കർശനമാക്കുമോ ?

ടെക്നിക്കൽ ഓഡിറ്റ്, വിജിലൻസ് പരിശോധന എന്നീ സംവിധാനങ്ങൾ കർശനമാക്കി നടപ്പിലാക്കി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**